## പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.6599 — 21.11.2019 -ൽ മറുപടിയ്ക്ക്

## ബേപ്പൂർ, ചെറുവണ്ണൂർ വില്ലേജുകളുടെ വിഭജനം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.വി. കെ. സി. മമ്മത് കോയ : | | ശ്രീ.ഇ.ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി) | |
| (എ) | നിലവിലുള്ള കണക്കുകൾ പ്രകാരം കോഴിക്കോട് ജില്ലയിൽ ഏറ്റവും കൂടുതൽ ജനസംഖ്യയുള്ള വില്ലേജുകൾ ഏതൊക്കെയാണെന്ന് വെളിപ്പെടുത്താമോ; | (എ) | ബേപ്പൂർ, ചെറുവണ്ണൂർ വില്ലേജുകൾ ആണ് കോഴിക്കോട് ജില്ലയിൽ ഏറ്റവും കൂടുതൽ ജനസംഖ്യയുള്ള വില്ലേജുകൾ. |
| (ബി) | കോഴിക്കോട് ജില്ലയിലെ ബേപ്പൂർ, ചെറുവണ്ണൂർ വില്ലേജുകളിലെ ജനസംഖ്യ മറ്റ് വില്ലേജുകളെ അപേക്ഷിച്ച് വളരെ കൂടുതലാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് |
| (സി) | ബേപ്പൂർ, ചെറുവണ്ണൂർ വില്ലേജുകളെ വിഭജിച്ച് പുതിയ വില്ലേജുകൾ രൂപീകരിക്കുവാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (സി) | സംസ്ഥാനത്തെ വില്ലേജുകളിലെ വർദ്ധിച്ച ജനസംഖ്യയും ഭൂപ്രകൃതിയും പരിഗണിച്ച് അടിയന്തിര പ്രാധാന്യം നൽകി വിഭജന നടപടികൾ തുടർന്നുവന്നിരുന്നു. സംസ്ഥാനത്തിന്റെ നിലവിലെ സാമ്പത്തികസ്ഥിതി കണക്കിലെടുത്ത് വില്ലേജ് വിഭജനം ഇപ്പോൾ സർക്കാർ പരിഗണനയിലില്ല. എന്നാൽ കാസർഗോഡ് ജില്ലയിലെ ചെറുവത്തൂർ വില്ലേജിലെ വലിയ ജനസംഖ്യയും വിസ്തൃതിയും ജനങ്ങളുടെ ബുദ്ധിമുട്ടും കണക്കിലെടുത്ത് ഒരു പ്രത്യേക കേസ്സായി പരിഗണിച്ച് ചെറുവത്തൂർ വില്ലേജ് വിഭജിച്ച് ഉദുത്തി എന്ന ഒരു പുതിയ വില്ലേജ് രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ